**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 158** **06-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്താൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുവിതരണരംഗം ശാക്തീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകളുടെ അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തി വൈവിധ്യവത്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള ഗ്രാമീണ മേഖലകളിലെ റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ടാണ് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻ കടയിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾക്ക് പുറമേ സ്മാർട്ട് റേഷൻകാർഡുകളുടെ സഹായത്തോടെ 5000/- രൂപ വരെയുള്ള ബാങ്കിംഗ് ഇടപാടുകൾ, സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള ശബരി ബ്രാൻഡ് ഉത്പന്നങ്ങൾ, സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, യൂട്ടിലിറ്റി പേയ്.മെന്റ് സംവിധാനം, മിനി എൽ.പി.ജി സിലിണ്ടർ എന്നിവ റേഷൻകടകളിലൂടെ ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. റേഷൻകടകളിലൂടെ ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ എത്തിക്കുവാൻ കഴിയും എന്നതിന് പുറമേ റേഷൻ വ്യാപാരികൾക്ക് അധിക വരുമാനം കണ്ടെത്തുവാനും പ്രസ്തുത പദ്ധതിയിലൂടെ കഴിയുന്നു. RFP മുഖേന തെരഞ്ഞെടുക്കുന്ന ദേശസാത്കൃത ബാങ്കിന്റേയും ബാങ്കിന് റേഷൻ മേഖലയുമായി ബന്ധപ്പെട്ട സാങ്കേതിക സഹായം നൽകുന്ന സ്ഥാപനത്തിന്റേയും സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച ചർച്ചകൾ അന്തിമഘട്ടത്തിലാണ്. 2022-23 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കെ - സ്റ്റോർ |

| | | | |
|---|---|---|---|
| | | | പദ്ധതിയിലേക്ക് റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവയാണ്.<br><br>1. 300 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കട ആയിരിക്കണം.<br><br>2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ മുന്നോട്ട് വരുന്ന റേഷൻ വ്യാപാരികളെയാണ് പരിഗണിക്കുന്നത്.<br><br>3. റേഷൻകടകളുടെ 02 കി.മീ ചുറ്റളവിൽ സപ്ലൈകോ ഔട്ട്.ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത ഗ്രാമീണ മേഖലയിലെ റേഷൻകടകൾക്ക് മുൻഗണന നൽകും.<br><br>സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും കെ-സ്റ്റോർ പദ്ധതിയിൽ പങ്കാളികളാകുന്നതിന് വേണ്ടി സ്വമേധയാ തയ്യാറായി 837 ലൈസൻസികൾ വന്നിട്ടുണ്ട്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ എല്ലാ ജില്ലയിൽ നിന്നും കുറഞ്ഞത് 05 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.<br><br>കൂടാതെ 13 ഇനം സബ്സിഡി സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. |
| (ബി) | പൊതുവിതരണ സംവിധാനത്തിലൂടെ കൂടുതൽ ഉല്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ക്ലോസ് (എ)യുടെ മറുപടി കണ്ടാലും. |
| (സി) | പൊതുവിതരണ സംവിധാനത്തിലൂടെ കൂടുതൽ ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ നൽകുന്നതോടൊപ്പം അർഹരായ കൂടുതൽ പേർക്ക് ബി.പി.എൽ. കാർഡുകൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | ഓരോ മാസവും വിതരണത്തിനു മുൻപ് എഫ്.സി.ഐയിൽ നിന്ന് അലോട്ട് ചെയ്യുന്ന സ്റ്റോക്ക് എഫ്.സി.ഐ അധികാരികളുടെ സാന്നിദ്ധ്യത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, റീജിയണൽ മാനേജർ, സപ്ലൈകോ ചുമതലപ്പെടുത്തുന്ന ക്വാളിറ്റി അഷ്വറൻസ് |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥൻ എന്നിവർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണം നടത്തുന്നത്. ഗുണനിലവാരം പരിശോധിക്കുന്നതിന് എല്ലാ താലൂക്കുകളിലും പ്രത്യേകം സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കർശനമായ ഗുണനിലവാര പരിശോധനകൾക്കു ശേഷം സപ്ലൈകോ ഔട്ട്‌ലെറ്റുകൾ വഴി സി.എം.ആർ അരി, ശബരി ബ്രാൻഡ് സബ്സിഡി ഉത്പന്നങ്ങൾ എന്നിവയും വിതരണം ചെയ്യുന്നുണ്ട്.സംസ്ഥാനത്ത് കേന്ദ്രസർക്കാർ നിശ്ചയിച്ച മുൻഗണനാ വിഭാഗത്തിൽ (എ.എ.വൈ+പി.എച്ച്.എച്ച്) ഉൾപ്പെടുന്നവരുടെ എണ്ണം 15480040 ആണ്. താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ മുൻഗണനാ റേഷൻകാർഡുകൾക്കായി ലഭിക്കുന്ന അപേക്ഷകൾ പരിശോധന നടത്തി 30 ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്നവരെ അനർഹരായ കാർഡുടമകളെ കണ്ടെത്തിയും സ്വമേധയാ സറണ്ടർ ചെയ്യുന്നതിലൂടെയും ലഭിക്കുന്ന ഒഴിവുകളിൽ ഉൾപ്പെടുത്തി വരുന്നു.കൂടാതെ ഗുരുതരമായ ശാരീരിക മാനസിക പ്രശ്നമുള്ള അംഗങ്ങൾ ഉൾപ്പെട്ട കുടുംബങ്ങളെ 27/10/2020 ലെ സ.ഉ.(സാധാ)നം.319/2020/ഭ.പൊ.വി.വ പ്രകാരം മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിനായി **"Operation Yellow”** എന്ന പരിപാടി ആവിഷ്കരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ടി പരിപാടി നടപ്പിൽ വരുമ്പോൾ പൊതുജനങ്ങൾക്ക് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ വിവരങ്ങൾ സർക്കാരിനെ അറിയിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ